# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD.20/546/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 10/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD.20/546/23 തീയ്യതി: 10/04/2023

## പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 24-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-03-2023 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-03-2023 | 31-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ.സി.എൽ.പത്മകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കെ.ആർ.രമാദേവി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ടി.കെ.അശ്വിനി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| | | **(മുതൽ)** | |
| ശ്രീ.കെ.മുഹമ്മദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഹരിനാരായണൻ.ഇ.എൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുരേന്ദ്രൻ.എം.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.എസ് | അസി.സെക്രട്ടറി | 01-04-2021 | 13-07-2021 |
| (ഒഴിവ്) | അസി. സെക്രട്ടറി | 14-07-2021 | 25-07-2021 |
| ശ്രീ.സിദ്ധാർത്ഥൻ.ടി.കെ | അസി.സെക്രട്ടറി | 26-07-2021 | 03-03-2022 |
| ശ്രീമതി.എം.ജി.പ്രസീത | അസി.സെക്രട്ടറി | 04-03-2022 | 31-03-2022 |
| ശ്രീ.രവി.ജി.വി | എച്ച.എം, GBLPS | 01-04-2021 | 31-03-2022 |
| ശ്രീ.നിസാർ.എ.പി | വി.ഇ.ഒ-1 | 01-04-2021 | 31-03-2022 |
| ◌്രീമതി.സരിത.കെ.പി | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |
| ഡോ.റെജീന.എം.കെ | മെഡിക്കൽ ഓഫീസർ, FHC | 01-04-2021 | 31-03-2022 |
| ഡോ.അബ്ദുൾ ബഷീർ.സി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഫസനത്ത് അറബി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ഡേവിഡ്.എ.സി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 17-02-2022 |
| ഡോ.പ്രദീപ് ജേക്കബ് | വെറ്ററിനറി സർജ്ജൻ | 18-02-2022 | 31-03-2022 |
| ശ്രീമതി.ബിന്ദു.സി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രേഷ്മ രമേഷ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 30-04-2021 |
| ശ്രീമതി.ജിഷ.എം.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-05-2021 | 30-07-2021 |
| | | 01-01-2022 | 28-02-2022 |
| ശ്രീമതി.അമിത.പി.സുനിൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 31-07-2021 | 31-12-2021 |
| ശ്രീമതി.ബിനിത വിൽസൻ.എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-03-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി ഡാറ്റയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 13 | വില്ലേജ് ഓഫീസ് കെട്ടിടത്തിന് വസ്തുനികുതി ഇളവ് അനുവദിച്ചത് നിയമാനുസൃതമല്ല | 1-11-1 |
| 14 | കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം | 1-11-2 |
| 15 | സഞ്ചയ ഡാറ്റാബേസിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരഭങ്ങളുടെ വിവരം കൃത്യമല്ല | 1-11-3 |
| 16 | കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യേണ്ടതാണ് | 1-11-4 |
| 17 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു | 1-11-5 |
| 18 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 19 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-12-1 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12-2 |
| 21 | FTE&OS ലൈസൻസ് അനുവദിച്ചിട്ടുള്ള ക്വാറി & മെറ്റൽ ക്രഷർ യൂണിറ്റിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12-3 |
| 22 | ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടത്തിയ അപാകതകൾ | 1-13 |
| 23 | ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത | 1-13-1 |

| | | |
|---|---|---|
| | ലൈസൻസ് ഫീസ് ഈടാക്കുന്നു | |
| 24 | സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല | 1-13-2 |
| 25 | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ഫീസ് ഈടാക്കിയിട്ടില്ല | 1-13-3 |
| 26 | ലൈസൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-13-4 |
| 27 | മാനുവൽ രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ | 1-14 |
| 28 | തനത് ഫണ്ട് അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-15 |
| 29 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ തനത് ഫണ്ട് ചോർച്ച | 1-16 |
| 30 | പൊതുടാപ്പുകളുടെ എണ്ണം നിർണയിച്ച് ഉപയോഗിക്കുന്നവയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ് | 1-17 |
| 31 | തെരുവു വിളക്കുകൾ വാങ്ങുന്നതിനുള്ള ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തി | 1-18 |
| 32 | പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായി സ്ഥിരം എം സി എഫ് സ്ഥാപിച്ചില്ല | 1-19 |
| 33 | തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-20 |
| 34 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-21 |
| 35 | ARTCO(Artisans Development Co-Operative Ltd.) യിൽ നിന്നുള്ള വാങ്ങലിന്മേൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-22 |
| 36 | ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-23 |
| 37 | ബയോ കമ്പോസ്റ്റർ ബിൻ, ബയോഗ്യാസ് പ്ലാന്റ് വിതരണം - തുക അനുവദിച്ചതിലും വിതരണ രേഖകളുടെ സൂക്ഷിപ്പിലും അപാകങ്ങൾ | 1-24 |
| 38 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തി | 1-25 |
| 39 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ബില്ലുകളിൽ നിന്നും തുക കുറവു ചെയ്തതിൽ അപാകം | 1-26 |
| 40 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-27 |
| 41 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-27-1 |
| 42 | ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ചില്ല | 1-27-2 |
| 43 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 1-28 |
| 44 | കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ് | 1-29 |

| | | |
|---|---|---|
| 45 | ടേക് എ ബ്രേക് പദ്ധതി-ശൗചാലയം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പൂർത്തീകരണം ഉറപ്പാക്കിയില്ല | 1-30 |
| 46 | മലമക്കാവ് ഹെൽത്ത് സെന്റർ മതിൽ നവീകരണം-പൂർത്തീകരണം ഉറപ്പാക്കിയില്ല | 1-31 |
| 47 | ഷോപ്പിംഗ് കോംപ്ലക്സ് അപ്സ്റ്റെയർ നിർമ്മാണം - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് - വിവിധ പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

22-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

05-03-2022 ലെ തീരുമാനം നം. (1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 3,34,55,722 |
| തൻവർഷം വരവ് | 225904658 |
| ആകെ വരവ് | 259360380 |
| ചെലവ് | 228124000 |
| നീക്കിയിരിപ്പ് | 31236380 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 225904658 | 80040930 |
| തൻവർഷത്തെ ചെലവ് | 228124000 | 72271415 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 30-06-2022 | - | - |

## 1-2-1 വാർഷിക കണക്കുകളിലെ അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

2. മുൻവർഷത്തിൽ ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല.

3. MNREGS ന്റെ വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കുകമായി പൊരുത്തപ്പെടുന്നില്ല.

4. ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ എന്നിവയിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. കൂടല്ലൂർ ശാഖയിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തനത് ഫണ്ട് അക്കൗണ്ടിന്റെ (A/c No-00000067070815298, Code-450210101) 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ വിവിധ ചെക്കുകളിലായി 18,32,666 രൂപ "Cheque Deposited But Not Collected" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 05.11.2016 തീയതി മുതലുള്ള ചെക്കുകൾ നിലവിലും ബാങ്കിൽ കളക്ഷൻ ആയിട്ടില്ല.

6. ബാലൻസ് ഷീറ്റ് Schedule: B-5 Secured Loans പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പാ തുക 5054325 രൂപയാണ്. തൻവർഷത്തെ തിരിച്ചടവ് കൂടി കണക്കിലെടുക്കുമ്പോൾ 3944325 രൂപയാണ് യഥാർത്ഥത്തിൽ തിരിച്ചടയ്ക്കുവാനുള്ളത്. തുക ക്രമീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13509719 |
| വരവ് | 80040930 |
| ആകെ | 93550649 |
| ചെലവ് | 72271415 |
| നീക്കിയിരിപ്പ് | 21279234 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 11836963 | 11836963 | 11833917 | 3046 |
| വികസനഫണ്ട് -എസ്.സി.പി | 0 | 12795493 | 12795493 | 9569983 | 3225510 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 21924376 | 21924376 | 7086906 | 14837470 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6050561 | 6050561 | 4093477 | 1957084 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New (*) | 0 | 2689196 | 2689196 | 1005362 | 1683834 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 1827540 | 1827540 | 1827540 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 3922000 | 3922000 | 882030 | 3039970 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 1838706 | 1838706 | 1838706 | 0 |

(*) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 2615000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 74196 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 911627 | 1068369 | 1979996 | 1500000 | 479996 |
| സമ്പൂർണ്ണ ശുചിത്വം | 0 | 160000 | 160000 | 160000 | 0 |

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13724 | 620585 | 634309 | 634147 | 162 |
| തൊഴിലാളികളുടെ വേതനം (*) | 0 | 1009064 | 1009064 | 1009064 | 0 |
| ആകെ | 13724 | 1629649 | 1643373 | 1643211 | 162 |

*(*)* AFS ഷെഡ്യൂൾ I-6, I-14(a) എന്നിവ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് 1643211 രൂപയാണ്. യഥാർത്ഥ ചെലവ് 31317637 രൂപയാണ്. എഫ്.ടി.ഒ പ്രകാരമുള്ള എല്ലാ ചെലവ് തുകകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 2217613 | 0 | 2217613 | 0 | 2217613 |
| ലൈഫ് | 47875 | 3120000 | 3167875 | 3,060,000 | 107875 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശത മാനം |
|---|---|---|---|---|---|---|
| 254 | 132975875 | 172 | 56971310 | 0 | 82 | 68 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ | പദ്ധതികളുടെ | നടപ്പാക്കിയത് | ആകെ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗസ്ഥർ | എണ്ണം | | അടങ്കൽ തുക | തുക | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 6257210 | 5289941 | 85 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 750640 | 732302 | 98 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 8 | 2852381 | 2573622 | 90 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 1251145 | 1230874 | 98 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 215000 | 208900 | 97 |
| എച്ച്.എം | 5 | 4 | 1840000 | 1648488 | 90 |
| വി.ഇ.ഒ -1 | 12 | 11 | 40667427 | 10662775 | 26 |
| വി.ഇ.ഒ -2 | 19 | 17 | 28218392 | 8214120 | 29 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 5308449 | 4788628 | 90 |
| സെക്രട്ടറി | 30 | 20 | 11335331 | 7614794 | 67 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 146 | 81 | 30937550 | 12345446 | 40 |
| അസി.സെക്രട്ടറി | 6 | 4 | 3342350 | 1661420 | 50 |
| ആകെ | 254 | 172 | 132975875 | 56971310 | 43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

### എം.എൻ.ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13724 | 620585 | 634309 | 634147 | 162 |
| തൊഴിലാളികളുടെ വേതനം (*) | 0 | 1009064 | 1009064 | 1009064 | 0 |
| ആകെ | 13724 | 1629649 | 1643373 | 1643211 | 162 |

*(*)* AFS ഷെഡ്യൂൾ I6, I14(a) എന്നിവ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ചെലവ് 1643211 രൂപയാണ്. യഥാർത്ഥ ചെലവ് 31317637 രൂപയാണ്. എഫ്.ടി.ഒ പ്രകാരമുള്ള എല്ലാ ചെലവ് തുകകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2,558,800.00 | 154 |
| 3 | വിധവാ പെൻഷൻ | 15,928,300.00 | 1053 |
| 4 | വാർദ്ധക്യകാല പെൻഷൻ | 30,986,800.00 | 2290 |
| 5 | വികലാംഗ പെൻഷൻ | 3,858,900.00 | 259 |

| | | | |
|---|---|---|---|
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,351,700.00 | 89 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-3-2023 ന് 2.15 PMന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 25,685/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ എന്നിവയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്താതെയാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

വർഷങ്ങളായി മാറ്റാത്ത ചെക്കുകളുടെ നിജസ്ഥിതി അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്.

എം.എൻ.ആർ.ഇ.ജി.എസിന്റെ യഥാർത്ഥ ചെലവ് 3.13 കോടി രൂപയാണെങ്കിലും വാർഷിക കണക്ക് പ്രകാരം 16.43 ലക്ഷം രൂപ മാത്രമാണ്. വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ അനുബന്ധ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പാക്കാതിരുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയാണ്.

KURDFC വായ്പാ തുകയുടെ നീക്കിയിരിപ്പ് യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പിനേക്കാൾ കൂടുതലായാണ് വാർഷിക കണക്കിലുള്ളത്. കണക്കുകൾ കൃത്യമാണെന്ന് ഉറപ്പാക്കാതെ വാർഷിക കണക്ക് തയ്യാറാക്കുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ്.

വസ്തു നികുതി പരിഷ്കരണത്തിനായുള്ള തുടർനടപടികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള ഡാറ്റയിലെ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

7/2003 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2002-03 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടുകൾ തീർപ്പാക്കുവാനില്ല.

## 1-11 വസ്തുനികുതി ഡാറ്റയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തുനികുതി ചുമത്തേണ്ടതാണ്. സഞ്ചയയിലെ വസ്തുനികുതി ഡാറ്റയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-11-1 വില്ലേജ് ഓഫീസ് കെട്ടിടത്തിന് വസ്തുനികുതി ഇളവ് അനുവദിച്ചത് നിയമാനുസൃതമല്ല

1994ലെ കേരള പഞ്ചായത്ത് നിയമത്തിലെ വകുപ്പ് 207 ലെ ഉപവകുപ്പ് (1)(എച്ച്) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിടങ്ങളെയും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളെയും നികുതി, ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയി ട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ 3/289 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വില്ലേജ് ഓഫീസ് കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചിരിക്കുന്നത് നിയമാനുസൃതമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെവക കെട്ടിടമോ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിമോ കേന്ദ്രസർക്കാർ കെട്ടിടമോ അല്ലാത്ത വില്ലേജ് ഓഫീസ് കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/29.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതി ഇളവിന് അർഹതയില്ലാത്ത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയം നടത്തി വസ്തുനികുതി ഈടാക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 ഹാജരാക്കേണ്ടതുമാണ്.

1-11-2 കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ, കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതിവർഷ നഷ്ടം |
|---|---|---|---|---|---|
| 4/427 അബ്ദുൾ ജലീൽ, കുടല്ലൂർ | 101 ഷോപ്പുകൾ | 50x101=5050 ഇളവ് 30% =1515 വർദ്ധനവ് ഇല്ല<br><br>BT=3535 LC=177 Total=3712 | 60x101=6060 ഇളവ് 30%= 1818 വർദ്ധനവ് ഇല്ല<br><br>BT=4242 LC=213 Total=4455 | 2015 1st Half | 743 |

ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ പ്രതിവർഷം 743 രൂപ നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/27.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടത്തിന്റെ ഫോം-6 പരിശോധിച്ച് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിച്ച് കെട്ടിടത്തിന്റെ ഫോം-6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-11-3 സഞ്ചയ ഡാറ്റാബേസിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരഭങ്ങളുടെ വിവരം കൃത്യമല്ല

സഞ്ചയ ഡാറ്റാബേസിൽ ഗ്രാമപഞ്ചായത്തിൽ 4 എം.എസ്.എം.ഇ കൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിലവിൽ താത്കാലികമായി പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ(ഇന്റേൺ) ഓഡിറ്റിന് നൽകിയ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ 14 എം.എസ്.എം.ഇ കൾ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതായി ബോധ്യപ്പെട്ടു.

പ്രസ്തുത സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആധികാരികത ഉറപ്പാക്കി അർഹരായ വ്യവസായ സ്ഥാപനങ്ങളെ 2006 ലെ എം.എസ്.ഇം.ഇ ഡെവലപ്മെന്റ് ആക്ട് അനുസരിച്ചുള്ള കാറ്റഗറിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-4 കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്

പുതിയതായി ആരംഭിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ (MSME) കാര്യത്തിൽ 2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട്, 2020 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ചട്ടങ്ങൾ എന്നിവ പ്രകാരം ജില്ലാതലത്തിലുള്ള നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭ്യമാക്കുകയാണെങ്കിൽ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്ന് വർഷം വരെ അവയെ ഒഴിവാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയിൽ നിന്നും ഇതനുസരിച്ചുള്ള ഒഴിവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ നിമയപ്രകാരം ഒഴിവാക്കിയിട്ടില്ല. വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനമായ KSWIFT പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം നേടിയ സ്ഥാപനമാണ് ശ്രീ.സുധീർ.പി.പി എന്നയാളുടെ ഉടമസ്ഥതയിലുള്ള സമീർ റൈസ് മിൽ. അക്ക്നോളേഡ്ജ്മെന്റ് നം. KLMSME3224/2023 (വ്യവസായ വകുപ്പ് നിയമിച്ച ഇന്റേൺ നൽകിയ വിവരം). ഈ സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് വസ്തു നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-5 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടം എന്ന ഉപയോഗക്രമം രേഖപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. 2013 മുമ്പ് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ആയതിനാൽ നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നുണ്ട്.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ) | പരിമിതപ്പെടുത്തിയ വസ്തു നികുതി |
|---|---|---|---|---|
| 1 | 3/319 | നൗഫൽ, കുമ്പിടി | 125 | 82 |
| 2 | 4/115 | ഷംസുദ്ധീൻ, ആലങ്ങാട് | 149 | 399 |

| | | | | |
|---|---|---|---|---|
| 3 | 5/165 | മുഹമ്മദ്കുട്ടി, കൂടല്ലൂർ | 215 | 399 |
| 4 | 7/337 | കെ.എൻ.പ്രേമവല്ലി | 140 | 756 |
| 5 | 13/46 | ഹംസ, കുമ്പിടി | 115 | 364 |
| 6 | 15/447 | ചന്ദ്രലേഖ, പള്ളിയാലിൽ | 148 | 7560 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നത് തുടർന്നുള്ള വസ്തുനികുതി പരിഷ്കരണത്തെ ബാധിക്കുന്നതിനിടയാക്കുന്നതാണ്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/27.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡാറ്റാ പ്യൂരിഫിക്കേഷനിൽ അപാകങ്ങൾ പരിഹരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് താമസിച്ചുകൊണ്ട് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, ആനക്കര ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-12-1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ (കോഡ്-110200102) 8,61,360 രൂപയും സ്ഥാപനങ്ങൾ/ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിൽ (കോഡ്-431190102) 1,10,370 രൂപയും ഈ ഇനത്തിലെ അഡ്വാൻസ് കളക്ഷൻ (കോഡ്-350410102) 1,86,500 രൂപയും വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/28.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ILGMS ന്റെ ഭാഗമാക്കാത്ത സാഹചര്യത്തിൽ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതിലെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-12-2 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) ആനക്കര ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന താഴെ പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധ വാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധ വാർഷിക തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര്, തസ്തിക | അർദ്ധ വാർഷിക വരുമാനം | ഒന്നാം അർദ്ധ വർഷത്തിൽ ഈടാക്കിയ | രസീതി നമ്പർ & തീയതി |
|---|---|---|---|---|

| | | | തൊഴിൽ നികുതി | |
|---|---|---|---|---|
| 1 | ഹബീബ.യു, അസിസ്റ്റന്റ് എഞ്ചിനീയർ | 1,91,510 | 1250 | 121070101197 Dated 15.09.2021 |
| 2 | ഷബൽ മോൻ, ഓവർസീയർ | 1,55,990 | 1250 | |
| 3 | ഖദീജ.യു, അക്കൗണ്ടന്റ് | 1,46,990 | 1250 | |
| 4 | പവിൻദാസ്, അക്കൗണ്ടന്റ് | 1,46,990 | 1250 | |
| | ആകെ | | 5000 | |

ബി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൂടല്ലൂർ ശാഖയിലുള്ള ജീവനക്കാരുടെ രണ്ടാം അർദ്ധ വാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഒന്നാം അർദ്ധ വാർഷിക തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | രസീതി നമ്പർ & തീയതി |
|---|---|---|---|---|
| 1 | സംഗീക് കുമാർ | 335988 | 1250 | 121070500019 Dated 24.02.2022 |
| 2 | രഞ്ജിൻ രാജ് | 235517 | 1250 | |
| 3 | സജിഷ.ടി | 200605 | 1250 | |
| 4 | അനൂപ്.സി | 190895 | 1250 | |
| 5 | പ്രവീൺ | 181185 | 1250 | |
| 6 | പ്രസീത | 163111 | 1250 | |
| 7 | കരുണാകരൻ | 102969 | 1250 | |
| | ആകെ | | 8750 | |

മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/28.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12-3 FTE&OS ലൈസൻസ് അനുവദിച്ചിട്ടുള്ള ക്വാറി & മെറ്റൽ ക്രഷർ യൂണിറ്റിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും അൽ ജോഫ് ബ്ലൂമെറ്റൽ എന്ന ക്വാറി&മെറ്റൽ ക്രഷർ യൂണിറ്റിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്(ലൈസൻസ് നമ്പർ-246/2021-22,തീയതി-08.04.2021). ലൈസൻസിനുള്ള അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം 16 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-13 ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണത്തിന്( നമ്പർ 07/27.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13-1 ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ്

ഫീസ് ഈടാക്കുന്നു

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക II ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | പരമാവധി ലൈസൻസ് ഫീസ് |
|---|---|
| മൈക്രോ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും | 500/- |
| മിനിഎന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയുന്നതും ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും | 1000/- |
| സ്മാൾ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽകവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയുന്നതും രണ്ടു കോടി രൂപയിൽ കവിയാത്തതും | 5000/- |
| മീഡിയം എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും | 10000/- |
| ലാർജ് എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽ കവിയുന്നതുംസേവന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും | 15000/- |

സേവന മേഖലയിൽ ഉൾപ്പെട്ട മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | മൂലധനനിക്ഷേപം | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | 285/ 2021-22 Dated 05.05.2021 | കെ.ആർ.സ്റ്റോർ മലമക്കാവ് (പലചരക്ക് സാധനങ്ങളുടെ വില്പന) | 4,50,000 | 500 | 500 |
| 2 | A4-2126/ 2021-22/ 283 Dated | അലിഫ് ഗിഫ്റ്റ് ഹൗസ് (ഗിഫ്റ്റ് | 1,00,000 | 500 | 1000 |

| | | | | | |
|---|---|---|---|---|---|
| | 11.08.2021 | സാധനങ്ങളുടെ വില്പന) | | | |

മേൽ പട്ടിക പ്രകാരമുള്ള പരമാവധി ഫീസിന് വിധേയമായി മൂലധന നിക്ഷേപത്തിനനുസരിച്ച് ഭരണസമിതിക്ക് ഫീസ് നിരക്ക് നിശ്ചയിക്കാവുന്നതാണ്. ലൈസൻസിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ മേഖല, മൂലധന നിക്ഷേപം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിനനുസൃതമായി മേൽ പട്ടിക പ്രകാരമുള്ള ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-13-2 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. ആനക്കര ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല.
ക്ലിയറൻസ് ആവശ്യമായ വ്യാപാര സംരംഭകങ്ങളുടെ ലൈസൻസ് പുതുക്കൽ അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

1-13-3 വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ഫീസ് ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് ഈ പട്ടിക-III ൽ നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി (PCB സാക്ഷ്യ പത്രം പ്രകാരം) | ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| 276/2021-22 Dated 22.04.2021 | ഫാബ്കോ ബയോ സൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജി | 10 HP | 100 |

വൈദ്യുതി ഉപയോഗിച്ച് യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് പട്ടിക-III പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-13-4 ലൈസൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ 1,74,500 രൂപ ലൈസൻസ് ഫീസിന്റെ അഡ്വാൻസ് കളക്ഷനായും (കോഡ്-350410310) 77,700രൂപ തൻവർഷത്തെ വരവായും (കോഡ്-431300101) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷാവസാനം വാർഷിക സംക്ഷിപ്തം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-14 മാന്വൽ രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് അനുവദിച്ചിട്ടുള്ള രസീതി ബുക്കുകളുടെ

പരിശോധനയിൽ കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ് എന്നിവയിലെ പ്രധാന വ്യവസ്ഥകൾ പാലിക്കാതെയാണ് രസീതികൾ കൈകാര്യം ചെയ്തിട്ടുള്ളതെന്ന് കണ്ടെത്തി. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(b)(2) പ്രകാരം രസീതി ബുക്കുകൾ ലഭ്യമായ ഉടൻതന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ എണ്ണിത്തിട്ടപ്പെടുത്തി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വെറ്ററിനറി സർജന് അനുവദിച്ചിട്ടുള്ള രസീതി ബുക്കുകളിൽ (ബുക്ക് നമ്പർ 11372, 11373, 11374) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.

2) രസീതി നം. 58, 62/11372 എന്നിവ എഴുതിയപ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. അതുകൊണ്ടുതന്നെ വ്യക്തികൾക്ക് നൽകിയ രസീതിയുടെ പകർപ്പിലുള്ള തുകയുടെ കൃത്യത ഉറപ്പിക്കുവാൻ സാധിച്ചിട്ടില്ല.

3) രസീതി ബുക്ക് നമ്പർ 11372 ൽ 65 മുതൽ 76 വരെയുള്ള മുഴുവൻ രസീതികളിലും രസീതി ബുക്ക് നമ്പർ 11373ൽ 21 മുതൽ 25 വരെയുള്ള മുഴുവൻ രസീതികളിലും തിരുത്തലുകൾ വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു.

4) കെ.ടി.സി വാല്യം I ആർട്ടിക്കിൾ 90(എ)(2) പ്രകാരം രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് വ്യക്തികൾക്ക് നൽകേണ്ടതുമാണ്. എന്നാൽ പണമടവാക്കിയ പ്രേമലത, കാരയിൽ എന്ന വ്യക്തിക്ക് 4/11373 നമ്പർ രസീതിയുടെ പകർപ്പ് നൽകിയിട്ടില്ല. 1590 രൂപ രസീതിയിൽ വ്യക്തമായി തിരുത്തലുകൾ കൂടാതെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പകർപ്പിൽ നിരവധി തിരുത്തലുകൾ വരുത്തിയതായി കാണുന്നു.

മേൽ അപാകതകളുടെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ 29.03.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നം:13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
രസീതി എഴുതി നൽകുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ് എന്നിവയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-15 തനത് ഫണ്ട് അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

### 1) കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ആനക്കര സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-021110000931, കോഡ്-450230101) 2022 മാർച്ച് മാസത്തെ ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 12.05.2017 തീയതി മുതലുള്ള വിവിധ ചെക്കുകളിലായി 2,18,970 രൂപ പണമാക്കാത്ത ചെക്കുകളുടെ ഇനത്തിൽ ഉൾപ്പെടുത്തി കാണുന്നു. ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക (₹) |
|---|---|---|---|
| 1 | 20700 | 09-08-2019 | 1539 |
| 2 | 11797 | 12-05-2017 | 733 |
| 3 | 11995 | 03-03-2018 | 8,064 |
| 4 | 20001214 | 23-06-2020 | 1,140 |
| 5 | 11750 | 30-03-2017 | 760 |
| 6 | 12071 | 04-06-2018 | 2,251 |
| 7 | 11950 | 28-12-2017 | 7,056 |
| 8 | - | 31-03-2017 | 4,276 |
| 9 | 20002484 | 03-02-2021 | 900 |
| 10 | 20000895 | 28-04-2020 | 1,150 |
| 11 | 20000896 | 28-04-2020 | 411 |

| | | | |
|---|---|---|---|
| 12 | 11767 | 31-03-2018 | 1,167 |
| 13 | 20000211 | 09-12-2019 | 2,000 |
| 14 | 8248174 | 26-07-2018 | 123,375 |
| 15 | 11959 | 05-01-2018 | 11,088 |
| 16 | 11904 | 16-11-2017 | 5,040 |
| 17 | 12071 | 04-06-2018 | 3,583 |
| 18 | - | 01-03-2020 | 10,000 |
| 19 | 20002372 | 28-01-2021 | 1,000 |
| 20 | 20700 | 09-08-2019 | 1,891 |
| 21 | 20700 | 09-08-2019 | 210 |
| 22 | 11904 | 16-11-2017 | 9,072 |
| 23 | 20002353 | 21-01-2021 | 1,000 |
| 24 | 11950 | 28-12-2017 | 4,032 |
| 25 | 11995 | 03-03-2018 | 5,040 |
| 26 | 11904 | 16-11-2017 | 6,048 |
| 27 | 11 | 31-03-2018 | 2,334 |
| 28 | 2000023 | 03-03-2020 | 3,360 |
| 29 | 12020 | 28-03-2018 | 450 |
| ആകെ | | | 218970 |

ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ചു നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 പ്രകാരം റദ്ദ് ചെയ്യേണ്ടതും റദ്ദ് ചെയ്ത ചെക്കുകൾ കൗണ്ടർഫോയിൽ സഹിതം ഓഡിറ്റിനായി സൂക്ഷിച്ച് വയ്ക്കേണ്ടതുമാണ്. മേൽ ചെക്കുകളുടെ കാര്യത്തിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) പ്രകാരം 3 സാമ്പത്തിക വർഷത്തിലധികമായിട്ടും ക്ലെയിം ചെയ്തിട്ടില്ലാത്ത നിക്ഷേപങ്ങൾ മുതൽക്കൂട്ടാവുന്നതാണ്. മേൽ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2016 മുതലുള്ള ചെക്കുകൾ കളക്ഷൻ ആയിട്ടില്ല

കൂടല്ലൂർ ശാഖയിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തനത് ഫണ്ട് അക്കൗണ്ടിന്റെ (A/c No-00000067070815298, Code-450210101) 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ വിവിധ ചെക്കുകളിലായി 18,32,666 രൂപ "Cheque Deposited But Not Collected" എന്ന് രേഖപ്പെടുത്തികാണുന്നു. 05.11.2016 തീയതി മുതലുള്ള ചെക്കുകൾ നിലവിലും ബാങ്കിൽ കളക്ഷൻ ആയിട്ടില്ല. ചെക്ക് കളക്ഷൻ ആകാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക (₹) |
|---|---|---|---|
| 1 | 907175 | 24-08-2017 | 10750 |
| 2 | 020861 | 05-11-2016 | 3250 |
| 3 | 854332 | 10-01-2019 | 1474410 |
| 4 | 8463311 | 24-10-2018 | 30000 |
| 5 | 140018 | 20-04-2021 | 100000 |
| 6 | 0001 | 29-02-2020 | 2662 |
| 7 | 01 | 02-05-2018 | 26 |

| | | | |
|---|---|---|---|
| 8 | 854333 | 10-01-2019 | 160000 |
| 9 | 354441 | 6-04-2019 | 4668 |
| 10 | 8463311 | 24-10-2018 | 1250 |
| 11 | - | 18-11-2016 | 29042 |
| 12 | E-payment | 24.02.2022 | 167 |
| 13 | E-payment | 31.03.2022 | 16441 |
| ആകെ | | | 1832666 |

മേൽ ചെക്കുകൾ നിലവിലും ബാങ്കിൽ കളക്ഷൻ ആകാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.17/29.03.2023) വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

കളക്ഷൻ ആകാത്ത ചെക്കുകൾ നൽകിയവർക്കെതിരെ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ തനത് ഫണ്ട് ചോർച്ച

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.

ആനക്കര ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജും

ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകളുടെ ഭൗതിക പരിശോധന നടത്തി വാർഡ് തിരിച്ചും ലാമ്പുകളുടെ ഇനം തിരിച്ചുമുള്ള കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ് വൈദ്യുതി ചാർജ് ഒടുക്കിവരുന്നത്. KSEB യുടെ 8-7-2019 ലെ വൈദ്യുതി ചാർജ് താരിഫ് പ്രകാരം ഈടാക്കിവരുന്ന പ്രതിമാസ വൈദ്യുതി ചാർജ് താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ് |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 330 | 79 | 26070 |
| 2 | സി.എഫ്.എൽ - 2*11 W | 92 | 38 | 3496 |
| 3 | ട്യൂബ് - 2x40 W | 15 | 159 | 2385 |
| 4 | ട്യൂബ് - 40 W | 41 | 79 | 3239 |
| 5 | സോഡിയം വേപ്പർ ലാമ്പ് - 250 W | 56 | 531 | 29736 |
| 6 | എൽ.ഇ.ഡി ലാമ്പ്-18W | 213 | 16 | 3408 |
| ആകെ | | 1203 | | 68334 |

നിലവിൽ എൽ.ഇ.ഡി ലാമ്പുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതെങ്കിലും വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് 6 വ്യത്യസ്ത ഇനം ലാമ്പുകളുണ്ട്. കാലഹരണപ്പെട്ട സാധാരണ ലാമ്പുകളും സോഡിയം വേപ്പർ ലാമ്പുകളും വൈദ്യുതി ബോർഡിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ബി) തെരുവു വിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തിയില്ല

ഉപയോഗിക്കുന്ന ഊർജ്ജത്തിന് ആനുപാതികമായി മാത്രമേ വൈദ്യുതി ചാർജ് നൽകുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിനായി തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കണമെന്ന സർക്കുലർ നം. 43742/DC3

/2010/ത.സ്വ.ഭ.വ തിയതി 07-07-2010 ലെ സർക്കാർ നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല.

മീറ്ററിംഗ് ഏർപ്പെടുത്തുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്.

വൈദ്യുതി തെരുവു വിളക്കുകൾ മീറ്റർ സ്ഥാപിക്കുവാനും നിലവിലുള്ള വൈദ്യുതി ചാർജ് കുറവു ചെയ്യുന്നതിന് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതായി കാണുന്നില്ല.
ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി നം. 10/28-3-23 നല്കിയതിന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. നിലവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്.

4. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

5. തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 പൊതുടാപ്പുകളുടെ എണ്ണം നിർണയിച്ച് ഉപയോഗിക്കുന്നവയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്

എ) പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക

കേരള വാട്ടർ അതോറിറ്റിയുടെ 2022 മാർച്ചിലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 282 പൊതു ടാപ്പുകളുണ്ട്. ടാപ്പൊന്നിന് ഒരു വർഷം 5512.5 രൂപ നിരക്കിൽ 129556 രൂപയാണ് പ്രതിമാസ ഡിമാന്റ്.

ഓഡിറ്റ് വർഷത്തിൽ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും താഴെ പറയും പ്രകാരം പ്രോജക്ട് ആവിഷ്കരിച്ച് 777336 രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | 234/22- പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ |
| അടങ്കൽ | 780000 രൂപ(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 777336 രൂപ<br>1) ബിൽ നം 9/23-10-21- 129556 രൂപ<br>2) ബിൽ നം 11/26-11-21- 129556 രൂപ<br>3) ബിൽ നം 14/22-12-21- 129556 രൂപ<br>4) ബിൽ നം 17/24-1-22- 129556 രൂപ<br>5) ബിൽ നം 20/21-2-22- 129556 രൂപ<br>6) ബിൽ നം 25/27-3-22- 129556 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2021-22 വർഷത്തെ ആറു മാസത്തെ വെള്ളക്കരമാണ് മേൽ സൂചിപ്പിച്ച പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ

നിന്നും ഒടുക്കിയിട്ടുള്ളത്.

കേരള വാട്ടർ അതോറിറ്റിയുടെ പി എച്ച് ഡിവിഷൻ ഷൊർണ്ണൂരിന്റെ 2235/11-4-22 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 31.3.22 ൽ 1090884 രൂപ കുടിശ്ശികയുള്ളതായി അറിയിച്ചിട്ടുണ്ട്. 2021-22 ൽ തനത് ഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അതാത് മാസത്തെ ഡിമാന്റ് തുക അടവാക്കിയിട്ടുണ്ടെങ്കിലും കുടിശ്ശികയും ആയതിനുള്ള പിഴയും ഡിമാന്റിലുണ്ട്.

കുടിശ്ശിക ഏത് കാലയളവിലേതാണെന്നും കുടിശ്ശിക ഉണ്ടാവാനുള്ള കാരണവും കുടിശ്ശിക നിവാരണത്തിനായി നടപടികൾ സ്വീകരിച്ചതിന്റെയും വിവരങ്ങളും അറിയിക്കുവാനാവശ്യപ്പെട്ട് എൻക്വയറി നം. 19/29-3-23 നല്കിയതിന് മറുപടി ലഭ്യമായില്ല.

ബി) ജലജീവൻ മിഷൻ

ഗാർഹിക കുടിവെള്ള കണക്ഷനുകൾക്കായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് 142/22-വാട്ടർ പ്രകാരം ജല അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷനിലേക്ക് ബിൽ നം. 24/27.3.22 പ്രകാരം വികസന ഫണ്ടിൽ(ജനറൽ) നിന്നും 907740 രൂപ നല്കിയിട്ടുണ്ട്.

6-4-2022 ലെ രേഖകളനുസരിച്ച് 2500 ഗാർഹിക കുടിവെള്ള കണക്ഷനുകൾ വിഭാവനം ചെയ്തതിൽ 1629 കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഗാർഹിക കണക്ഷനുകൾ വ്യാപകമായ സാഹചര്യത്തിൽ പൊതുടാപ്പുകളുടെ ആവശ്യകത വിലയിരുത്തി അത്യാവശ്യമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും, ഇവയുടെ കൃത്യമായ എണ്ണം നിർണയിക്കുന്നതിനും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളുവെന്ന് ഉറപ്പാക്കേണ്ടതാണ്.

കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കി മാത്രം കുടിശ്ശിക തീർപ്പാക്കേണ്ടതാണ്.

ജൽജീവൻ മിഷനു നല്കിയ തുകയുടെ വിനിയോഗ രേഖകളും ബാക്കിയുള്ള തുകയുടെ വിവരവും അറിയിക്കേണ്ടതാണ്.

1-18 തെരുവു വിളക്കുകൾ വാങ്ങുന്നതിനുള്ള ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തി

| | |
|---|---|
| പ്രോജക്റ്റ് | 287/22-സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 600000 രൂപ(CFC) |
| ചെലവ് | 598400 രൂപ(CFC)<br>Vr.No-22101242/27.3.22-598400 രൂപ (GST-10142 രൂപ ഉൾപ്പടെ)<br>KEL Invoice No-486/23-3-22-598400 രൂപ<br>176 എണ്ണം @ Rs. 3400 (@2881+ GST) |
| എഗ്രിമെന്റ് | Nil/ 25-3-22 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി 22-2-22 ലെ A2-121/2022 നമ്പർ ടെണ്ടർ പരസ്യത്തിലൂടെ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുമാണ് മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടുള്ളത്. KEL, ARTCO എന്നീ ഏജൻസികളിൽ നിന്നും ലഭിച്ച ടെണ്ടറുകളിൽ KEL എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 22.1.22 ലെ 1-ാം നമ്പർ തീരുമാനം, ഭരണസമിതിയുടെ 10-3-22-ലെ 1/4 -ാം നമ്പർ തീരുമാനം എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആകെ 176 എൽ.ഇ.ഡി ലാമ്പുകളാണ്(25 വാട്ട്, 2 വർഷം വാറണ്ടി) സ്ഥാപിച്ചിട്ടുള്ളത് .

വാങ്ങൽ നടപടിക്രമങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ഉണ്ടായതായി കണ്ടെത്തി.

1. സ.ഉ(പി)നം.77/2019/ഫിൻ തിയതി 4-7-2019 പ്രകാരം ആർട്ട്കോ ഇന്റീരിയർ പ്രവൃത്തികൾ

നിർവ്വഹിക്കുന്നതിനും, KEL ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ, പൊതുവായ സിവിൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള PMC ആയുമാണ് അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത്. അത്തരം അക്രഡിറ്റഡ് ഏജൻസികൾ സാധനങ്ങൾ നിർമ്മിക്കാത്തതിനാൽ അവരിൽ നിന്നുമാത്രം ടെണ്ടർ ക്ഷണിക്കുവാൻ വ്യവസ്ഥയില്ല.

2. 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സാധനം GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയതിന്റെ വിലയുടെ യുക്തിഭദ്രത കൂടി കണക്കിലെടുത്ത് GeM മുഖേന വാങ്ങേണ്ടതാണെന്ന് സ്റ്റോർസ് പർച്ചേസ് മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. ലാമ്പുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

3. GeM ൽ ലഭ്യമല്ലാത്ത സാധനങ്ങൾ മറ്റ് രീതിയിൽ വാങ്ങാവുന്നതാണ്. സ.ഉ(പി)നം.259/2010 /തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഓപ്പൺ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്താവുന്നതല്ല. 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ബാധകമായ ലിമിറ്റഡ് ടെണ്ടറുകളിൽ ടെണ്ടറുകളുടെ എണ്ണം കുറഞ്ഞത് നാല് ആയി പരിമിതപ്പെടുത്താവുന്നതാണ്.

തെരഞ്ഞെടുത്ത ഏജൻസികളിൽ നിന്നുമാത്രം ടെണ്ടറുകൾ ക്ഷണിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നറിയിച്ച് എൻക്വയറി നം. 9/28-3-23 എൻക്വയറി നല്കിയതിന് മറുപടി ലഭ്യമായില്ല.
25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയവ GeM മുഖേന വാങ്ങുവാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.
ഓപ്പൺ ടെണ്ടറിന്റെ കാര്യത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നിന്നു മാത്രം ടെണ്ടർ ക്ഷണിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
2010 ലെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വാങ്ങലുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

1-19 പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായി സ്ഥിരം എം സി എഫ് സ്ഥാപിച്ചില്ല

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/ തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമായിട്ടുള്ളത്. സ.ഉ(സാധാ) നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ്(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയിൽ ഭേദഗതി വരുത്താമെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിൽ നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. നിർദ്ദേശങ്ങൾ എത്രത്തോളം പാലിക്കപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
എം.സി.എഫ് സംവിധാനം

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സൂക്ഷിക്കുന്നതിന് വാർഡ് തലത്തിൽ മിനി എം സി എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രധാന എം സി എഫ് പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിലെ ഉമ്മത്തൂർ

സ്കൂളിനടുത്തുള്ള പഴയ അങ്കണവാടി കെട്ടിടത്തിലാണ്. നിലവിൽ എം.സി.എഫിൽ അടിസ്ഥാന സൗകര്യങ്ങളില്ല എന്ന് ഹരിത കർമസേന അംഗങ്ങൾ അറിയിച്ചു. എം.സി.എഫിൽ അഗ്നിരക്ഷാ സംവിധാനങ്ങളും ബെയ്‌ലിംഗ് മെഷീൻ പോലുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനം

16 വാർഡുകളിലായി 40 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. വീടുകളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും ആണ് യൂസർ ഫീ ഈടാക്കി വരുന്നത്. ആകെ 7200 വീടുകളും 1332 കടകളും ഗ്രാമപഞ്ചായത്തിലുണ്ടെങ്കിലും 50% ൽ താഴെ വീടുകളിൽ നിന്നും കടകളിൽ നിന്നും മാത്രമാണ് യൂസർ ഫീ ലഭ്യമാകുന്നതെന്ന് ഹരിതകർമ്മസേനാംഗങ്ങൾ ഓഡിറ്റിനെ നേരിട്ട് അറിയിച്ചിട്ടുണ്ട്.
യൂസർഫീ ഇനത്തിൽ തുച്ഛമായ തുകയാണ് ലഭ്യമാകുന്നതെന്ന് ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചു. ഈ സാഹചര്യത്തിൽ പ്രൊ.നം. 163/22 പ്രകാരം 191600 (തനത് ഫണ്ട്) രൂപയും 188/22 പ്രകാരം 185600 രൂപയും (CFC) വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ആയി ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്.
ഹരിത കർമ്മസേനയുടെ പേരിൽ കനറാ ബാങ്കിലുള്ള അക്കൗണ്ടിലെ (അക്കൗണ്ട് നം. 1538101014124) നിലവിലെ നീക്കിയിരിപ്പ് 8257 രൂപ മാത്രമാണ് നീക്കിയിരിപ്പായുള്ളത്.
യൂണിഫോം
ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ച സമയത്ത് യൂണിഫോം ലഭിച്ചതാണെന്നും നിലവിൽ ഇത് വിണ്ടും ലഭ്യമാക്കേണ്ട അവസ്ഥയിലാണ് എന്നും ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചു.
മാലിന്യം കയ്യൊഴിക്കൽ

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തരം തിരിച്ച പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നുണ്ട്.

ഹരിതകർമ്മസേനയ്ക്ക് വാഹനം

മാലിന്യങ്ങൾ ശേഖരിച്ച് സംഭരണ സ്ഥലത്ത് എത്തിക്കുന്നതിനായി ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി ഒരു ഇലക്ട്രിക്കൽ മുച്ചക്ര വാഹനം 2021-22 വർഷത്തിൽ വാങ്ങുന്നതിനായി 310000 രൂപ വകയിരുത്തിയെങ്കിലും പ്രോജക്ട് നടപ്പാക്കിയിട്ടില്ല.

ഹരിതകർമ്മസേനയുടെ മേൽനോട്ടച്ചുമതല
ജി.ഒ(ആർ.ടി)നം.2307/2020/എൽ.എസ്.ജി.ഡി തി. 16-12-20 പ്രകാരം മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ജി.ഒ(ആർ.ടി)നം.949/2021/ എൽ.എസ്.ജി.ഡി തി. 05-05-21 പ്രകാരം പ്രസ്തുത പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിപുലീകരിച്ച് സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി) നം.880/2021/എൽ.എസ്.ജി.ഡി തി. 16-04-21 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തങ്ങളും വ്യക്തമാക്കിയിട്ടുണ്ട്.
ഓഡിറ്റ് നിർദേശങ്ങൾ

എം.സി.എഫിൽ ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

ഹരിതകർമ്മസേനയ്ക്ക് യൂണിഫോം ഉൾപ്പെടെയുള്ള സാമഗ്രികൾ ലഭ്യമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

പ്ലാസ്റ്റിക് മാലിന്യ ശേഖരണം കാര്യക്ഷമമാക്കുന്നതിനായി വാഹനം വാങ്ങുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എം.സി.എഫിന്റെ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ അവരുടെ ചുമതല നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നിലവിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി ആരോഗ്യ-വിദ്യാഭ്യാസം, വികസന സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഭരണസമിതിയുടേയും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 15/29-03-23 പ്രകാരം പരിശോധനയിലെ കണ്ടെത്തലുകൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യ ശേഖരണവും സംഭരണവും കയ്യൊഴിക്കലും മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

എ) എം.എൻ.ആർ.ഇ.ജി. എസ് (വാർഷിക കണക്ക് പ്രകാരം)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13724 | 620585 | 634309 | 634147 | 162 |
| തൊഴിലാളികളുടെ വേതനം (*) | 0 | 1009064 | 1009064 | 1009064 | 0 |
| ആകെ | 13724 | 1629649 | 1643373 | 1643211 | 162 |

(*) AFS ഷെഡ്യൂൾ I-6, I-14(a) എന്നിവ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് 1643211 രൂപയാണ്. യഥാർത്ഥ ചെലവ് 31317637 രൂപയാണ്. എഫ്.ടി.ഒ പ്രകാരമുള്ള എല്ലാ ചെലവ് തുകകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) എം.എൻ.ആർ.ഇ.ജി. എസ് (MNREGS ന്റെ കണക്ക് പ്രകാരം)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14764 | 1604924 | 1619688 | 1619526 | 162 |
| തൊഴിലാളികളുടെ വേതനം | 0 | 29698111 | 29698111 | 29698111 | 0 |
| ആകെ | 14764 | 31303035 | 31317799 | 31317637 | 162 |

വാർഷിക കണക്കിൽ അഡ്മിനിസ്ട്രേറ്റീവ് ചെലവ്, തൊഴിലാളികളുടെ വേതനം എന്നിവ ഭാഗികമായി മാത്രമാണ് ചേർത്തിട്ടുള്ളതെന്ന് മേൽ പട്ടികകളിൽ സൂചിപ്പിച്ചിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നു.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നം.2/25-3-23 നല്കിയതിന് മറുപടി ലഭ്യമായില്ല.

എം.എൻ.ആർ.ഇ.ജി.എസിന്റെ യഥാർത്ഥ വരവ്, ചെലവ് തുകകൾ എല്ലാം ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കി മാത്രം വാർഷിക കണക്കുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 3660 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നല്കിയിട്ടുണ്ട്. തൻവർഷം 1164 കുടുംബങ്ങൾക്ക് 85369 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ Ministry Of Rural Development Department Of Rural Development 06-01-2022 ൽ പുറപ്പെടുവിച്ച ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളുടെ പ്രവൃത്തികൾക്കുള്ള

മെറ്റീരിയലുകൾ വാങ്ങുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ 30 വ്യക്തിഗത ഗുണഭോക്താക്കളുടെ മെറ്റീരിയൽ പ്രവൃത്തികൾക്കായി 600 മനുഷ്യദിനങ്ങൾ വിനിയോഗിച്ച് 8.45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കിണർ നിർമാണം, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട്, കോഴിക്കൂട്, സോക്ക്പിറ്റ്, അസോള മുതലായ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

പ്രവൃത്തികൾക്കാവശ്യമായ വസ്തുക്കൾ ഗുണഭോക്താക്കൾതന്നെ നേരിട്ട് വാങ്ങേണ്ടതും ലഭ്യമായ സാധനങ്ങൾ, ഉപയോഗിച്ചവ, ബാക്കിയുള്ളവ എന്നിവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉപയോഗിച്ച മെറ്റീരിയലിനു മാത്രം തുക അനുവദിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, അപ്രകാരം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഇക്കാര്യത്തെക്കുറിച്ച് ഓഡിറ്റ് എൻക്വയറി (നം.2/25-3-23) നല്കിയതിന് മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഇതിൽ വ്യക്തിഗത പ്രവൃത്തികൾക്കായി വാങ്ങിക്കുന്ന മെറ്റീരിയൽ പ്രവൃത്തികളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ സർക്കുലറിലെ ഖ.7.1(o) പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1-22 ARTCO(Artisans Development Co-Operative Ltd.) യിൽ നിന്നുള്ള വാങ്ങലിന്മേൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

HM നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വാങ്ങലുകൾ ഉൾപ്പെടുന്ന രണ്ട് പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് | 157/22- LP സ്കൂൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ |
| അടങ്കൽ | 495000 (SCP) |
| ചെലവ് | 355000<br>(ടേബിൾ, ചെയർ എന്നിവ സെറ്റ് ഒന്നിന് 5000 രൂപ വീതം 71 പേർക്ക് നൽകിയത്) |
| ബിൽ നം, തീയതി | 940228/13.01.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | HM, GBLPS |

2.

| | |
|---|---|
| പ്രോജക്ട് | 282/22- LP സ്കൂളുകളിലേക്ക് ഫർണീച്ചർ |
| അടങ്കൽ | 495000 (General) |
| ചെലവ് | 493488<br>(Desk, Bench, Almirah, Class Room Table എന്നിവ 5 സർക്കാർ LP സ്കൂളുകളിലേക്ക് വാങ്ങി നൽകിയത്) |
| ബിൽ നം, തീയതി | 1342148/16.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | HM, GBLPS |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ട് ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ

തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി.ഡി.എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2021-22 വർഷത്തിൽ HM നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഫർണീച്ചർ വാങ്ങൽ പ്രോജക്ടുകൾ പ്രകാരം ആർട്ട്ക്കോയിൽ നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. TDS നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/25.03.2023) ഭാവിയിൽ വാങ്ങുന്ന എല്ലാ വാങ്ങലുകൾക്കും 2% ടി.ഡി.എസ് കിഴിവ് നടത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വാങ്ങൽ നടപടികളിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-23 ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

2021-22 വർഷത്തെ ലൈഫ് ഭവന നിർമ്മാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ എഗ്രിമെന്റ് വെച്ച് ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഇതുവരെയായി 2 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് കണ്ടെത്തി. എസ്.സി വിഭാഗത്തിലെ ആകെ 37 പേരിൽ 35 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

എസ് സി വിഭാഗം- ഭവനം നിർമാണം പൂർത്തിയാക്കാത്തവർ

പ്രൊജക്ട് നം.174/22 (SO)
നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

അടങ്കൽ-12000000 രൂപ

ചെലവ്-1260000 രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | ജ്യോതി ഹരിദാസൻ, മേഴിക്കുന്ന് പറമ്പിൽ, ആനക്കര | 08.06.20 | 200000 | 200000 |
| 2 | അരുണ സുബ്രഹ്മണ്യം, പുത്തിലത്ത് പറമ്പിൽ, ആനക്കര | 29.09.20 | 300000 | 100000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.4/27.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ബയോ കമ്പോസ്റ്റർ ബിൻ, ബയോഗ്യാസ് പ്ലാന്റ് വിതരണം - തുക അനുവദിച്ചതിലും വിതരണ രേഖകളുടെ സൂക്ഷിപ്പിലും അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രോജക്റ്റ് നം. | 184/22 |
| പ്രോജക്ടിന്റെ പേര് | ബയോ കമ്പോസ്റ്റ് ബിൻ വിതരണം (ജനറൽ) |
| അടങ്കൽ | ആകെ – ₹ 900000<br>₹ 810000 (ധനകാര്യ കമ്മീഷൻ) &<br>₹ 90000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ആകെ –₹ 615600<br>₹ 471600 (ധനകാര്യ കമ്മീഷൻ) ബിൽ നം.XVFC21-22/P12 Dt.30.03.22<br>₹ 144000 (ധനകാര്യ കമ്മീഷൻ)ബിൽ നം.XVFC21-22/P2 Dt.16.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 |

2.

| | |
|---|---|
| പ്രോജക്റ്റ് നം. | 176/22 |
| പ്രോജക്ടിന്റെ പേര് | ബയോഗ്യാസ് (ജനറൽ) |
| അടങ്കൽ | ആകെ – ₹ 270000<br>₹ 144000 (ധനകാര്യ കമ്മീഷൻ) &<br>₹ 126000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ആകെ – ₹ 54000<br>₹ 54000 (ധനകാര്യ കമ്മീഷൻ) ബിൽ നം.XVFC21-22/P5 Dt.16.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 നിർവ്വഹണം നടത്തിയ ബയോ കമ്പോസ്റ്റ് ബിൻ വിതരണം(ജനറൽ) (പ്രോജക്റ്റ് നം.184/22), ബയോഗ്യാസ് (ജനറൽ) (പ്രോജക്റ്റ് നം.176/22) എന്നിവ പ്രകാരമുള്ള ബിന്നുകളും പ്ലാന്റുകളും വിതരണം ചെയ്യുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ ഐ.ആർ.ടി.സി മുണ്ടൂർ എന്ന സ്ഥാപനത്തിനെയാണ് അംഗീകരിച്ചിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) വ്യത്യസ്തങ്ങളായ പ്രോജക്ടിന് വ്യത്യസ്ത എഗ്രിമെന്റ് വയ്ക്കുന്നതിന് പകരം രണ്ട് പ്രോജക്ടിനും പൊതുവായി ഒരു എഗ്രിമെന്റാണ് ചമച്ചിട്ടുള്ളത്. എഗ്രിമെന്റ് നം. Nil Dated 19-2-2022.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവ് മാത്രമാണ് തൻവർഷം ഉണ്ടായിട്ടുള്ളത്. രണ്ട് പ്രോജക്ടുകളുടേയും ഗുണഭോക്തൃ വിഹിതം തൻവർഷം ഐ.ആർ.ടി.സിക്ക് നൽകിയിട്ടില്ല.

3) ബയോ കമ്പോസ്റ്റ് ബിൻ ലഭ്യമായ ഗുണഭോക്താക്കളുടെ പേരിനു നേരെ ടിക്ക് ചെയ്തിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്ററിൽ ഒപ്പ് വാങ്ങുകയോ പ്രത്യേകം കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

4) ബയോ കമ്പോസ്റ്റ് ബിൻ വിതരണം (ജനറൽ) ആകെ ചെലവിൽ 471600 തുകയ്ക്ക് മാത്രമാണ് 2% ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടുള്ളൂ. 144000 രൂപ നൽകിയപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.6/27.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഒരു പ്രോജക്ടിന് ഒരു കരാർ എന്ന രീതിയിൽ കരാർ ചമയ്ക്കേണ്ടതാണ്.

വിതരണ രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്

ഗുണഭോക്തൃ വിഹിതം വികസന ഫണ്ടിനോടൊപ്പം തന്നെ സ്ഥാപനത്തിലേക്ക് അടവാക്കേണ്ടതാണ്.

ബില്ലിന്റെ തുകയ്ക്ക് അനുസരിച്ച് പൂർണ്ണമായും ജി.എസ്.ടി ടി.ഡി.എസ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊ.നം. 9/22-വയോജനങ്ങൾക്ക് കട്ടിൽ-എസ്.സി

അടങ്കൽ - 787350 (എസ്.സി.പി-735000 + തനത് ഫണ്ട്-2350+ബ്ലോക്ക് വിഹിതം-50000)

ചെലവ് - 357880 രൂപ (ബിൽ നം. 7/25-3-22)

എസ്.സി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി ക്ഷണിച്ച ടെണ്ടർ പരസ്യം നം. എ1-132/21 തിയതി 4-2-22 പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുമാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ആയതനുസരിച്ച് ആർട്ട്കോ, സിഡ്കോ എന്നീ ഏജൻസികൾ ടെണ്ടറുകൾ സമർപ്പിക്കുകയും 3890 രൂപ ക്വോട്ട് ചെയ്ത ആർട്ട്കോയുടെ ടെണ്ടർ തീരുമാനം നം. 1(1) 28-2-22 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 92 കട്ടിലുകൾ വാങ്ങിയ വകയിൽ 357880 രൂപ ചെലവഴിച്ചിട്ടുണ്ട്.

രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് അന്വേഷണങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.77/2019/ഫിൻ തിയതി 4-7-2019 പ്രകാരം ആർട്ട്കോ ഇന്റീരിയർ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, SIDCO പൊതുവായ സിവിൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള PMC ആയുമാണ് അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത്. അത്തരത്തിൽ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികൾക്ക് അക്രഡിറ്റേഷൻ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അർഹതയുള്ളത്. സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അവരിൽ നിന്നുമാത്രം ടെണ്ടർ ക്ഷണിക്കുവാൻ വ്യവസ്ഥയില്ല.

2. സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ നിഷ്കർഷിച്ചിട്ടില്ല. 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ബാധകമായ ലിമിറ്റഡ് ടെണ്ടറുകളിൽ ടെണ്ടറുകളുടെ എണ്ണം കുറഞ്ഞത് നാല് എണ്ണം ആയി പരിമിതപ്പെടുത്താവുന്നതാണ്.

3. ബിൽ തുക അനുവദിച്ചതിൽ അപാകങ്ങൾ ഉള്ളതായി കാണുന്നു. ബില്ലിൽ നിന്നും 2% ആദായ നികുതി ആയി 7158 രൂപ ഈടാക്കിയിട്ടുണ്ട്. വാങ്ങലുകളുടെ കാര്യത്തിൽ അത്തരത്തിൽ ആദായ നികുതി ഈടാക്കുവാൻ നിർദ്ദേശമില്ല.

4. ജി.എസ്.ടി കൂടി ഉൾപ്പെട്ട തുകയായ 357880 രൂപയിൽ നിന്നുമാണ് ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടുള്ളത്. 2017 ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമങ്ങളിലെ സെക്ഷൻ 51 പ്രകാരം ജി.എസ്.ടി ഉൾപ്പെടാത്ത തുകയിൽ നിന്നാണ് ടി.ഡി.എസ് നടത്തേണ്ടത്. ഈ ഇനത്തിൽ ആകെ 6872 രൂപ ഈടാക്കുന്നതിനുപകരം 7158 രൂപ ഈടാക്കിയിട്ടുണ്ട്.

ഏജൻസികളിൽ നിന്നുമാത്രം ടെണ്ടറുകൾ ക്ഷണിച്ചതിന്റെയും ബില്ലുകളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം തുക കുറവ് ചെയ്തതിന്റെയും കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 8(1)/28-3-23 നുള്ള മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബിൽ തുക അനുവദിക്കുമ്പോൾ നിയമാനുസൃത കുറവുകൾ വരുത്തുന്നുണ്ടെന്നും ആവശ്യമില്ലാത്ത തുക കുറവ് ചെയ്യാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ബില്ലുകളിൽ നിന്നും തുക കുറവു ചെയ്തതിൽ അപാകം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊ.നം. 238/22-പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്

അടങ്കൽ - 740000 (എസ്.സി.പി-555000 + ഗുണഭോക്തൃവിഹിതം വിഹിതം-185000)

ചെലവ് -539040 രൂപ (SCP- ബിൽ നം. 4/18-3-22 – 151560 + 22-3-22- 151560 + 6/25-3-22- 101040)

+ (ഗുണഭോക്തൃ വിഹിതം ബിൽ നം. 480/18-3-22-50580 + 528/25-3-22-33720 +500/21-3-22-50580)

160 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടറിൽ 3369 രൂപ നിരക്ക് ക്വോട്ട് ചെയ്ത സൗത്ത് പോളിമേർസ്, തേങ്കുറിശ്ശി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ, തീരുമാനം നം. 1(1)/28-2-22 പ്രകാരം ഉറപ്പിച്ചിട്ടുണ്ട്.

ബിൽ തുക അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. ബിൽ തുക അനുവദിച്ചതിൽ അപാകങ്ങൾ ഉള്ളതായി കാണുന്നു. ബില്ലിൽ നിന്നും 2% ആദായ നികുതി ആയി 10781 രൂപ ഈടാക്കിയിട്ടുണ്ട്. വാങ്ങലുകളുടെ കാര്യത്തിൽ അത്തരത്തിൽ ആദായ നികുതി ഈടാക്കുവാൻ നിർദ്ദേശമില്ല.

3. ജി.എസ്.ടി കൂടി ഉൾപ്പെട്ട തുകയായ 539040 രൂപയിൽ നിന്നുമാണ് ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടുള്ളത്. 2017 ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമങ്ങളിലെ സെക്ഷൻ 51 പ്രകാരം ജി.എസ്.ടി ഉൾപ്പെടാത്ത തുകയിൽ നിന്നാണ് ടി.ഡി.എസ് നടത്തേണ്ടത്. ഈ ഇനത്തിൽ 10781 രൂപ ഈടാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പ്രകാരം തുക കുറവു ചെയ്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 8(2)/28-3-23 നുള്ള മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബിൽ തുക അനുവദിക്കുമ്പോൾ നിയമാനുസൃത കുറവുകൾ വരുത്തുന്നുണ്ടെന്നും ആവശ്യമില്ലാത്ത തുക കുറവു ചെയ്യാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

2021-22 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള പൊതുവായ വിലയിരുത്തൽ, ആസ്തി സംരക്ഷണം എന്നിവ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-27-1 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 146 പ്രവൃത്തികളിൽ 81 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 3.09 കോടി രൂപയിൽ 1.23 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 40% മാത്രമാണ് തൻവർഷത്തെ ചെലവ്.

എ. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.
റോഡ് പ്രവൃത്തികൾ - 79%
കെട്ടിടങ്ങൾ - 18%
കുടിവെള്ള പദ്ധതികൾ, മറ്റ് പ്രവൃത്തികൾ - 3%

റോഡ് പ്രവൃത്തികൾക്കാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. 45% പ്രവൃത്തികൾ സ്പിൽ ഓവർ

ആയി മാറിയിട്ടുണ്ട്.

ബി. രേഖകളുടെ സൂക്ഷിപ്പ്

2011-12 വർഷത്തിൽ അസി.എഞ്ചിനിയർ ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

2012 ലെ PWD മാന്വൽ അനുസരിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ഫോറം പുതുക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കാതെയാണ് കരാറുകാരുമായി എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.
എസ്റ്റിമേറ്റ് റിപ്പോർട്ട്, സാങ്കേതികാനുമതി രേഖ, കെട്ടിടങ്ങളുടെ പ്ലാൻ, ട്രഷറി ബിൽ ഫോറം മുതലായ രേഖകൾ പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും കരാർ കാലാവധിക്കുമുമ്പ് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല. അപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പല പ്രവൃത്തികളുടേയും കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടില്ല.

ബില്ലുകളിൽ നിന്നും GST TDS നടത്തിയിട്ടുള്ളത് ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയിൽ നിന്നുമാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് കുറവു ചെയ്യേണ്ടതെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. അസി.എഞ്ചിനിയർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.
2. മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ അവശ്യം സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിക്കേണ്ടതാണ്.
3. വകയിരുത്തുന്ന തുകയുടെ പരമാവധി വിനിയോഗം ഉറപ്പാക്കേണ്ടതാണ്.
4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.
5. PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതാണ്.
6. GST TDS നടത്തുന്നത് ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണെന്ന് ഉറപ്പാക്കണം.

ഓഡിറ്റ് അന്വേഷണം നം. 12(1)/28-03-23 പ്രകാരം അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-27-2 ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ചില്ല

പദ്ധതി മാർഗ്ഗരേഖ പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 21924376 | 7086906 | 14837470 | 32 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6050561 | 4093477 | 1957084 | 68 |

റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ 32% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

അങ്കണവാടികൾ, സ്കൂളുകൾ, കൃഷിഭവൻ, മൃഗാശുപത്രി, വി.ഇ.ഒ ഓഫീസ് മുതലായവയുടെ നവീകരണത്തിനായി വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 777336 രൂപ (പ്രൊ.നം.234/22) ചെലവഴിച്ചിട്ടുണ്ട്. മരുന്നു വാങ്ങൽ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ പോലുള്ള ആവശ്യങ്ങൾക്കും തൻവർഷം മുൻഗണന നൽകിയിട്ടുണ്ട്.

റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ ലക്ഷ്യം കൈവരിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഓരോ സ്ഥാപനത്തിന്റേയും ആവശ്യകത വിലയിരുത്തി ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 12(2)/28-03-23 പ്രകാരം അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

### 1-28 അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക നിക്ഷേപിക്കുന്നതിനുള്ള അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 14-9-22 ന് 72871 രൂപ അവശേഷിക്കുന്നുണ്ട്.

അക്കൗണ്ട് നം. 6705230067-5, SBI കുമ്പിടി

ഓഡിറ്റ് അന്വേഷണം നം. 12(3)/28-03-23 പ്രകാരം തുക കൈമാറുന്നതിനായി നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.
ബാങ്ക് സ്റ്റേറ്റ്മെന്റ് കാലികമാക്കി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-29 കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

പ്രൊ.നം.120/22-ഡയറ്റിന് പുറകുവശം മുതൽ പി.കെ.ജബ്ബാർപടി വരെ കോൺക്രീറ്റ്

അടങ്കൽ - 300000 (MG-Road)

കരാറുകാരൻ - ശ്രീ.ഉസ്മാൻ.എം.വി

എഗ്രിമെന്റ് നം. 23/22-11-21

ചെലവ് - 209898/- രൂപ (ബിൽ നം. 1518737/30-3-22)

അളവു പുസ്തകം - 14/21-22

കരാർ പ്രകാരം ടെണ്ടർ കുറവ് 26.99% ആണെങ്കിലും ബില്ലിൽ നിന്നും 25.99% തുകയാണ് കുറവു ചെയ്തിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം - 253220.48

കുറവു ചെയതത് (-) 25.99% = 65812

യഥാർത്ഥത്തിൽ കുറവു ചെയ്യേണ്ടിയിരുന്നത് (-) 26.99% = 68344

കരാറുകാരന് അധികം നൽകിയത് - 2532 രൂപ

അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(4)/28-2-23 ന് മറുപടി ലഭ്യമായില്ല.

കരാറുകാരന് അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തത്തിൽ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഖ.3-1 കൂടി കാണുക)

### 1-30 ടേക് എ ബ്രേക് പദ്ധതി-ശൗചാലയം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പൂർത്തീകരണം ഉറപ്പാക്കിയില്ല

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/ 2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ നിർമ്മിതികൾ 31-12-2020 നകം പൂർത്തീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. ടേക് എ ബ്രേക്ക് പദ്ധതി പ്രകാരം പ്രോജക്ട്

ആവിഷ്കരിച്ചുവെങ്കിലും തൻവർഷം നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട്. 207/22-ടേക് എ ബ്രേക്ക് പൊതു ടോയ്ലറ്റ് നിർമ്മാണം

അടങ്കൽ - 1019550 രൂപ (CFC-599550, സംസ്ഥാനാവിഷ്കൃതം-420000 രൂപ)

കരാറുകാരൻ - ശ്രീ.മുഹമ്മദ് അബ്ദുൾ ഷുക്കൂർ

എഗ്രിമെന്റ് നം. 30/24-12-21

അളവു പുസ്തകം - 25, 26, 27, 28/22

തൻവർഷത്തെ ചെലവ് - 498013 (CFC)

ബിൽ നം. 1493692/27-3-22

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്ലാൻ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിന് എതിർവശത്തായി നിർമ്മിക്കുന്ന ശൗചാലയത്തിന്റെ സിവിൽ പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ജലലഭ്യത ഉറപ്പാക്കുകയോ വൈദ്യുതീകരണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

ടേക് എ ബ്രേക്ക് പദ്ധതി പ്രകാരം പൊതു ശുചിമുറികൾ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ട് പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(5)/28-3-23 ന് മറുപടി ലഭ്യമായില്ല.

ഉചിതമായ യൂസർ ഫീ ഈടാക്കി ശൗചാലയം പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 മലമക്കാവ് ഹെൽത്ത് സെന്റർ മതിൽ നവീകരണം-പൂർത്തീകരണം ഉറപ്പാക്കിയില്ല

പ്രോജക്ട്. 200/22-മലമക്കാവ് ഹെൽത്ത് സെന്റർ മതിൽ നവീകരണം

അടങ്കൽ - 196800 രൂപ (MG-Non Road)

കരാറുകാരൻ - ശ്രീ.ടി.കെ.രാജൻ

എഗ്രിമെന്റ് നം. - 123/16-3-2020

അളവു പുസ്തകം - 26/21-22

തൻവർഷത്തെ ചെലവ് (പാർട്ട് ബിൽ): 159679 രൂപ (ബിൽ നം. 1426085/23-03-2022)

ആറു മാസം കൊണ്ട് (15-9-2020) പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ ആണ് തൻവർഷം നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ കാലതാമസം നേരിട്ടതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകുന്നതെന്ന് കരാറുകാരൻ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.
പ്രവൃത്തി പൂർത്തീകരണ തിയതി കഴിഞ്ഞും ഒരു വർഷത്തിനുശേഷം 23-12-2021 നാണ് 1(6) നം. തീരുമാനം പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. 159679 രൂപ പാർട്ട് ബിൽ ഇനത്തിൽ കരാറുകാരന് തൻവർഷം നൽകിയിട്ടുണ്ട്.
പ്രവൃത്തി പൂർത്തീകരണം നീണ്ടുപോയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(7)/28-3-23 ന് മറുപടി ലഭ്യമായില്ല.
PWD മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണം കാലാവധി കഴിഞ്ഞതിനുശേഷംഎസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

### 1-32 ഷോപ്പിംഗ് കോംപ്ലക്സ് അപ്സ്റ്റെയർ നിർമ്മാണം - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

പ്രോജക്ട്. 277/22-ഷോപ്പിംഗ് കോംപ്ലക്സ് അപ്സ്റ്റെയർ നിർമ്മാണം

അടങ്കൽ - 1500000രൂപ (CFC)

ഷോപ്പിംഗ് കോംപ്ലക്സ് അപ്സ്റ്റെയർ നിർമ്മാണത്തിനായി 15 ലക്ഷം രൂപ വകയിരുത്തിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(6)/28-3-23 ന് മറുപടി ലഭ്യമായില്ല.

പരിമിതമായ നികുതിയേതര വരുമാനം മാത്രമുള്ള ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട് ആവിഷ്കരിക്കുന്ന ഇത്തരം പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

പ്രൊ.നം.120/22-ഡയറ്റിന് പുറകുവശം മുതൽ പി.കെ.ജബ്ബാർപടി വരെ കോൺക്രീറ്റ്

അടങ്കൽ - 300000 (MG-Road)

കരാറുകാരൻ - ശ്രീ.ഉസ്മാൻ.എം.വി

എഗ്രിമെന്റ് നം. 23/22-11-21

ചെലവ് - 209898/- രൂപ (ബിൽ നം. 1518737/30-3-22)

അളവു പുസ്തകം - 14/21-22

കരാർ പ്രകാരം ടെണ്ടർ കുറവ് 26.99% ആണെങ്കിലും ബില്ലിൽ നിന്നും 25.99% തുകയാണ് കുറവു ചെയ്തിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം - 253220.48

കുറവു ചെയതത് (-) 25.99% = 65812

യഥാർത്ഥത്തിൽ കുറവു ചെയ്യേണ്ടിയിരുന്നത് (-) 26.99% = 68344

കരാറുകാരന് അധികം നൽകിയത് - 2532 രൂപ

അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(4)/28-2-23 ന് മറുപടി ലഭ്യമായില്ല.

കരാറുകാരന് അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 25.3.2023 മുതൽ 31-3-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൃത്താല ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 920263 | ലൈഫ്- സ്ഥലം വാങ്ങൽ | 826522 | 93741 |
| | | 149896 | ഉഴവുകൂലി | 149896 | 0 |
| | | 937784 | ഉഴവുകൂലി | 937784 | 0 |
| | | 258336 | ലൈഫ്- ജനറൽ | 258336 | 0 |
| | | 740000 | ലൈഫ് എസ്.സി | 740000 | 0 |
| | | 200000 | ലൈഫ് എസ്.സി | 200000 | 0 |
| | | 100000 | സ്കോളർഷിപ് | 100000 | 0 |
| | | 150000 | സ്കോളർഷിപ് | 150000 | 0 |
| | ആകെ | 3456279 | | 3362538 | 93741 |
| ജില്ലാ പഞ്ചാ യത്ത്, പാല ക്കാട് | 2020-21 | 47781 | ലൈഫ് | 47781 | 0 |
| | | 133100 | ഉഴവു കൂലി | 133100 | 0 |
| | | 708957 | ഉഴവു കൂലി | 708957 | 0 |
| | | 321664 | ലൈഫ് ജനറൽ | 321664 | 0 |
| | | 220000 | ലൈഫ് ജനറൽ | 220000 | 0 |
| | | 180000 | ലൈഫ് എസ്.സി | 180000 | 0 |
| | | 1760000 | ലൈഫ് എസ്.സി | 1760000 | 0 |
| | | 100000 | സ്കോളർഷിപ് | 100000 | 0 |
| ആകെ | | 3471502 | | 3471502 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറൊന്നും നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചട യ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 5909658 | 0 | 5909658 | 1965333 (*) | 0 | 3944325 (**) |

(*) ആറ് ജി.ഒ പ്രോജക്ടുകൾ പ്രകാരം 1965333 രൂപ തിരിച്ചടച്ചിട്ടുണ്ട്.

(പ്രൊ.നം. 266/22 പ്രകാരം 352000 രൂപ, 321/22 പ്രകാരം 374000 രൂപ, 325/22 പ്രകാരം 427837 രൂപ, 266/22 പ്രകാരം 352000 രൂപ, 326/22 പ്രകാരം 246829 രൂപ, 322/22 പ്രകാരം 212667 രൂപ)

(**) ബാലൻസ് ഷീറ്റ് Schedule: B-5 Secured Loans പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 5054325 രൂപയാണ്. തൻവർഷത്തെ തിരിച്ചടവ് കൂടി കണക്കിലെടുക്കുമ്പോൾ 3944325 രൂപയാണ് നീക്കിയിരിപ്പ്. നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 52,792 രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 3-21(1) | 3102 | 121070100025/ 12-4-21 | ശ്രീ.റഫീഖ്.ടി.ഐ.എം, അസി.എഞ്ചിനിയർ |
| 2018-19 | 3-7 | 49690 | 121070100635/ 22-7-21 | ശ്രീ.വിപിൻനാഥ്, അസി.എഞ്ചിനീയർ |
| ആകെ | | 52792 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികൾ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 13509719 |
| ഓഡിറ്റ് വർഷത്തെ വരവ് | 80040930 |
| ആകെ | 93550649 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 72271415 |
| നീക്കിയിരിപ്പ് | 21279234 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2532 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 2532 | ശ്രീമതി.ബിനിത വിൽസൺ.എ, അരങ്ങശ്ശേരി ഹൗസ്, തൊണ്ടയാട്, നെല്ലിക്കോട്(പി.ഒ), കോഴിക്കോട്-673016 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.ബിനിത വിൽസൺ.എ. | (Provisional) | അരങ്ങശ്ശേരി ഹൗസ്, തൊണ്ടയാട്, നെല്ലിക്കോട്(പി.ഒ), കോഴിക്കോട്-673016 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | LF.P11-1492/97 Dt.14.11.2008 | 4 |
| 1998-99 | LF.P11/20678/12 04-04-12 | 6 |
| 1999-00 | LF.P11/759/09/ 07-12-09 | 6 |
| 2000-01<br>2001-02 | LF.P/20/6513/12 -04-12 | 13 |
| 2002-03 | LF.P /20 679/ (1) 12 - 21-08-13 | 2 |
| 2003-04 | LF./20/679/(2)/12 19-08-13 | 4 |
| 2004-05 | LF.P/20/679/(3)/ 17-08-13 | 17 |
| 2005-06 | LF.P/20/679/(4)/13- 17-09-12 | 19 |
| 2006-07<br>2007-08<br>2008-09 | LF.P/20/1699/11(2)/ 12-04-12 | 56 |
| 2009-2010<br>2010-2011 | LFP20/1003/13/ 03-12-13 | 23 |
| 2011-12 | L.FP20/752/2014/ 08-08-14 | 15 |
| 2012-13 | KSA-PKD-20-231-15 | 18 |
| 2013-14,<br>2014-15 | KSA-PKD-20/1092/16 | 14 |
| 2015-16 | KSA-PKD20/ 2289 /2016 Dt.31-12-2016 | 13 |
| 2016-17 | KSA-PKD-20/ 1762 /2017 Dt.6-10-2017 | 13 |
| 2017-18 | KSA-PKD-20-787/2019 Dt.20-6-19 | 20 |
| 2018-19 | KSA-PKD-20-111 Dt.27.02.2021 | 15 |
| 2019-20 | KSA-PKD-16-1485/22 Dt.22.07.2022 | 4 |
| 2020-21 | KSA-PKD-16-1517/22 Dt.22.07.2022 | 10 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക കണക്ക് - വിവിധ പത്രികകളുടെ സംക്ഷിപ്തം

1.

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **Anakkara Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 13509719.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 861360.00 |
| 140000000 | Fees & User Charges | RP-4 | 340986.00 |
| 150000000 | Sale & Hire Charges | RP-5 | 371125.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54713266.00 |
| 171000000 | Interest Earned | RP-9 | 435229.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12369809.00 |
| 350000000 | Other Liabilities | RP-36 | 565560.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 52892.00 |
| 330000000 | Secured Loans | RP-32 | 1110000.00 |
| 340000000 | Deposits Received | RP-34 | 288702.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 294813.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8637188.00 |
| | **Grand total** | | **93550649.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3269394.00 |
| 220000000 | Administrative Expenses | RP-12 | 847244.00 |
| 230000000 | Operations & Maintenance | RP-13 | 2494082.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5474041.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22195591.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 660298.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1801076.00 |
| 255000000 | Maintenance Projects | RP-20 | 11916921.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 324877.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 17500.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 82130.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 411496.00 |
| 350000000 | Other Liabilities | RP-36 | 14476229.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 179.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -8600.00 |
| 340000000 | Deposits Received | RP-34 | 150750.00 |
| 350000000 | Other Liabilities | RP-36 | 2492297.00 |
| 410000000 | Fixed Assets | RP-38 | 1462503.00 |
| 412000000 | Capital work in Progress | RP-40 | 688253.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1851112.00 |
| 460000000 | Loans, Advances and Deposits | RP-47 | 1664042.00 |
| | **Closing Balance** | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 21279234.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **93550649.00** |

**2.**

| | | | |
|---|---|---|---|
| | **Anakkara Grama Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4362250.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 86472.00 |
| 140000000 | Fee & User Charges | I-4(b) | 565550.00 |
| 150000000 | Sale & Hire Charges | I-5(b) | 371125.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 124396583.00 |
| 171000000 | Interest Earned | I-8 | 435229.00 |
| 180000000 | Other Income | I-9 | 52892.00 |
| | **Total Income** | | **130270101.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 11275794.00 |
| 220000000 | Administrative Expenses | I-11(b) | 885784.00 |
| 230000000 | Operations & Maintenance | I-12(b) | 2526107.00 |
| 240000000 | Interest & Finance Charges | I-13 | 179.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6220443.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31781436.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 484436.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3498196.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 54684500.00 |
| 255000000 | Maintenance Projects | I-14(e) | 11916921.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 727628.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 17500.00 |
| 272000000 | Depreciation | I-17(a) | 3014332.00 |
| | **Total Expenditure** | | **127033256.00** |
| | **Gross Surplus / Deficit of income over Expenditure** | | **3236845.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -151358.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **3388203.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

3.

**ANAKKARA GRAMAPANCHAYAT**

**BALANCE SHEET**

**As on 31-March-2022**

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | **LIABILITIES**<br>**Reserve& Surplus**<br>Muncipal (General) Fund [Code No 310] | B-1 | 22366350.35 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 31237141.00 |
| | ***Total Reserve& Surplus*** | | **53603491.35** |
| 320000000 | **Grants,Contributions for specific purposes**<br>Grants, Funds & Contributions for Specific Purposes | B-4 | 8289083.00 |
| | ***Total Grants,Contributions for specific purposes*** | | **8289083.00** |
| 330000000 | **Loans**<br>Secured Loans | B-5 | 5054325.00 |

| | | | |
|---|---|---|---|
| | ***Total Loans*** | | **5054325.00** |
| | **Current Liabilities and Provisions** | | |
| 340000000 | Deposits Received | B-7 | 1369671.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 3422793.65 |
| | ***Total Current Liabilities and Provisions*** | | **4792464.65** |
| | **TOTAL LIABILITIES** | | **71739364.00** |
| | **ASSETS** | | |
| 410000000 | **Fixed Assets** | B-11 | |
| | Fixed Assets | | 50646728.00 |
| 411000000 | Accumulated Depreciation | B-11 | (10354026.00) |
| 412000000 | Capital Work In Progress | B-11(a) | 498013.00 |
| | ***Total Fixed Assets*** | | **40790715.00** |
| | **Investments** | | |
| 420000000 | Investments | B-12 | 13700.00 |
| | ***Total Investments*** | | **13700.00** |
| | **Current Assets,Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2229505.00 |
| 440000000 | Pre-paid Expenses | B-16 | 5054325.00 |
| 450000000 | Cash and Bank balance | B-17 | 21279234.00 |
| 460000000 | Loans, Advances and Deposits | B-18 | 2371885.00 |
| | ***Total Current Assets,Loans and Advances*** | | **30934949.00** |
| | **TOTAL ASSETS** | | **71739364.00** |

**DEPUTY DIRECTOR**